പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1374 14. 06. 2013- ലെ മറുപടി

## സ്വദേശിവൽക്കരണം വഴി തിരിച്ചെത്തുന്നവരെ സംരക്ഷിക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) വിവിധ ഗൾഫ് നാടുകളിൽ തൊഴിൽ നഷ്ടപ്പെട്ടവർ നാട്ടിൽ വരാൻ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇവരെ സഹായിക്കാൻ എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ഗൾഫ് നാടുകളിൽ ജോലി നഷ്ടപ്പെടുന്ന മലയാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എംബസിയുമായി ബന്ധപ്പെട്ട് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി)ഇപ്രകാരം ജോലി നഷ്ടപ്പെട്ട് തിരികെ എത്രപേർ സംസ്ഥാനത്തെത്തിയിട്ടുണ്ട് എന്നും ഇനി എത്രപേർ എത്തുവാനുണ്ട് എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും, സംസ്ഥാനത്തെ മൂന്ന് വിമാനത്താവളങ്ങളിലും നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ ഹെൽപ്പ് ഡെസ്കുകളിലായി നാളിതുവരെ ഏകദേശം 6000 ഓളം തിരികെയെത്തിയ പ്രവാസികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ സംസ്ഥാനത്ത് തിരിച്ചെത്തുന്നവരെ പുനരധിവസിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;<br><br>(ഡി) എങ്കിൽ എന്ത് തരത്തിലുള്ള പുനരധിവാസം നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ;<br><br>(ഇ) ഇവരുടെ പുനരധിവാസത്തിനും, മടക്കയാത്രയ്ക്കും ഉള്ള സാമ്പത്തിക പാക്കേജും, വേണ്ട സഹായങ്ങളും ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് സഹായനടപടികളാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കുമോ; | (സി, ഡി & ഇ) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സമഗ്ര പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012-13 ൽ 1 കോടി രൂപ നൽകുകയും 2013-14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വദേശിവത്കരണം കർശനമാക്കിയ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |

(എഫ്) ഇതിനായി കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സഹായം സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ എന്നും സഹായവാഗ്ദാനം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(എഫ്) ഇല്ല.

(ജി)സ്വദേശിവൽക്കരണത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരുടെയും എത്താത്തവരുടെയും സുരക്ഷയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ;

(ജി) കേന്ദ്രസർക്കാരും ബന്ധപ്പെട്ട രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുമായി ബന്ധപ്പെട്ട് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. തിരികെയെത്തുന്നവർക്കായി സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(എച്ച്) 'സ്വദേശിവൽക്കരണത്തിൽ' ഉൾപ്പെട്ട ഗൾഫ് മലയാളികളുടെ പുനരധിവാസം തുടങ്ങി ക്ഷേമപ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രത്യേക ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

(എച്ച്) പ്രവാസി മലയാളികളുടെ പുനരധിവാസമുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പുവർഷം പദ്ധതിയിനത്തിൽ 20.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ